വാരാന്ത്യപതിപ്പ് ലക്കം-42 | MARCH 6 - MARCH 12

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

### എൻ.എസ്.എസ് വാർത്തകൾ


സോഷ്യോ പോഡ്സ്
പേജ് 1

നാഷണൽ സേഫ്റ്റി ഡേ ഓറിയേന്റഷൻ പ്രോഗ്രാം
പേജ് 2

ഓറിയന്റേഷൻ ക്ലാസ്
പേജ് 2

അന്താരാഷ്ട്ര വനിത ദിനം
പേജ് 3

അന്താരാഷ്ട്ര വനിത ദിനം - ഒറ്റക്കാൽ നിൽപ്പ് സമരം
പേജ് 3

അന്താരാഷ്ട്ര വനിത ദിനം - ഫ്ലാഷ്മോബ്
പേജ് 3

അന്താരാഷ്ട്ര വനിത ദിനം - ബ്രേക്ക് ദി ബയസ്
പേജ് 4

ലിംഗസമത്വം സെമിനാർ
പേജ് 4

കരിയർ ഗൈഡൻസ്
പേജ് 5

നെഹ്റു യുവകേന്ദ്ര - കരിയർ ഗൈഡൻസ്
പേജ് 5

വന്യജീവി ഫോട്ടോഗ്രാഫി മത്സരം
പേജ് 6

പൊതിച്ചോർ വിതരണം - സ്വാദ്
പേജ് 6

അഭയം
പേജ് 6

അഗ്യഞ്ചർ
പേജ് 7

ചോദ്യം ഉത്തരം
പേജ് 7

അക്ഷരാഗ്നി
പേജ് 8

ചിന്താവിഷയം





## സോഷ്യോ പോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോ പോഡ്സ്

യുദ്ധം ഒരു പരിഹാരമാണോ എന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഈയാഴ്ച യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോപോഡ്സിന്റെ നാല്പത്തിനാലാം എപ്പിസോഡ് മാർച്ച് ഏഴാം തിയ്യതി വൈകുന്നേരം ആറ് മണിക്ക് പുറത്തിറക്കി. യുദ്ധത്തിന്റെ പ്രശ്നങ്ങളും അത് വരുത്തിവയ്ക്കുന്ന ആപത്തുകളും വളന്റിയർ ഭവിത വളരെ നന്നായി തന്നെ അവതരിപ്പിക്കുകയും,യുദ്ധമാണ് ഇപ്പോഴത്തെ നമ്മുടെ ശത്രുവെന്നും അതിനെ വളർത്തിയാൽ ഒരുപാട് നഷ്ടങ്ങൾ നമ്മൾ അഭിമുഖീകരിക്കേണ്ടി വരുമെന്നും അതുകൊണ്ട് യുദ്ധത്തെ എതിർക്കാം എന്നും പറഞ്ഞുകൊണ്ട് യുദ്ധത്തെക്കുറിച്ച് വളന്റിയേഴ്സിന്റെ ഇടയിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തു .

## നാഷണൽ സേഫ്റ്റി ഡേ ഓറിയന്റ്ഷൻ പ്രോഗ്രാം

സേഫ്റ്റി ഡേയുടെ ഭാഗമായി മാർച്ച് ഏഴാം തിയ്യതി എൻ എസ് എസിന്റെ നേതൃത്വത്തിൽ നാഷണൽ സേഫ്റ്റി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ വിനോദ് കുമാർ എൻ സർ ഓൺ ലൈൻ വഴി വളന്റിയേഴ്സിനുവേണ്ടി ക്ലാസ് നയിച്ചു. റോഡിൽ വാഹനം ഓടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ക്ലാസിൽ വിവരിച്ചു. പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗീസ് ,ഡോ. വിമല കെ ജോൺ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. എല്ലാ എൻ എസ് എസ് വളന്റിയേഴ്സും ശ്രദ്ധയോടെ ഈ ക്ലാസിൽ പങ്കെടുത്തു.



# ഓറിയന്റേഷൻ ക്ലാസ്

മാർച്ച് ഏഴ് തിങ്കളാഴ്ച ശുചിത്വമിഷന്റെ ഭാഗമായി ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. ശ്രീ വ്യാസ എൻ എസ് എസ് കോളേജിലെ ചരിത്ര വിഭാഗം അധ്യാപികയായ നൂർജഹാൻ മാഡം "സസ്റ്റെയ്നബിൾ പ്രാക്റ്റിസെസ് ഇൻ ക്യാമ്പസ് " എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗീസ്, ഡോ. വിമല. കെ. ജോൺ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.എഴുപതോളം എൻ എസ് എസ് വളന്റിയേഴ്സ് ഈ പരിപാടിയിൽ പങ്കെടുത്തു.




# അന്താരാഷ്ട്ര വനിത ദിനം

അന്താരാഷ്ട്ര വനിത ദിനത്തിനോടനുബന്ധിച്ച് വിവിധ മേഖലകളിൽ കഴിവ് നേടിയ സ്ത്രീകളെ പരിചയപ്പെടുത്തി കൊണ്ട് പ്രത്യേക വാർത്താക്കുറിപ്പ് പതിപ്പും, ദിനത്തിന്റെ പോസ്റ്ററും തയ്യാറാക്കി പുറത്തിറക്കി.



# അന്താരഷ്ട്ര വനിത ദിനം - ഒറ്റക്കാൽ നിൽപ്പ് സമരം

മാർച്ച് എട്ടാം തിയ്യതി അന്താരാഷ്ട്ര വനിത ദിനത്തിനോടനുബന്ധിച്ച് വനിത ശിശു വികസന വകുപ്പിന്റെയും എൻ എസ് എസിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ രണ്ട് മിനിറ്റ് ദൈർഘ്യമുള്ള ഒറ്റക്കാൽ നിൽപ്പ് സമരത്തിന്റെ ഉദ്ഘാടനം മേയർ എം കെ വർഗീസ് നിർവ്വഹിച്ചു.ലഹരി വിരുദ്ധ സന്ദേശം മുൻനിർത്തിക്കൊണ്ട്,ഇതുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ കൈയ്യിലേന്തി പതിനഞ്ചോളം വരുന്ന വിദ്യാർത്ഥിനികൾ ഈ പരിപാടിയുടെ ഭാഗമായി. പരിപാടിയിൽ പ്രോഗ്രാം ഓഫീസേഴ്സും മറ്റ് വളന്റിയേഴ്സും പങ്കെടുത്തു.







# അന്താരാഷ്ട്ര വനിത ദിനം - ഫ്ലാഷ്മോബ്

മാർച്ച് എട്ടാം തിയ്യതി അന്താരാഷ്ട്ര വനിത ദിനത്തിനോടനുബന്ധിച്ച് വനിത ശിശു വികസന വകുപ്പിന്റെയും ജനറൽ മെഡിക്കൽ ഓഫീസിന്റെയും ആഭിമുഖ്യത്തിൽ എൻ എസ് എസും ചേർന്ന് തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് വച്ച് പന്ത്രണ്ടോളം വളന്റിയേഴ്സ് ചേർന്ന് ഫ്ലാഷ്മോബുകൾ സംഘടിപ്പിച്ചു. പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ.രഞ്ജിത്ത് വർഗീസ്, ഡോ. വിമല കെ. ജോൺ എന്നിവരും എൻ എസ് എസ് വളന്റിയേഴ്സും ഈ പരിപാടിക്ക് പ്രോത്സാഹനം നൽകി




# അന്താരാഷ്ട്ര വനിത ദിനം - ബ്രേക്ക് ദി ബയസ്

മാർച്ച് എട്ടാം തിയ്യതി അന്താരാഷ്ട്ര വനിത ദിനത്തിനോടനുബന്ധിച്ച്,ബ്രേക്ക് ദി ബയസ് എന്ന വിഷയത്തിൽ ഓൺലൈനായി ക്ലാസ്സ് നടത്തി. അഖിലേന്ത്യാ മഹിള കോൺഗ്രസ് സംസ്ഥാന സെക്രട്ടറി സോയ ജോസഫ് ക്ലാസിനു നേതൃത്വം നൽകി. എഴുപതോളം എൻ എസ് എസ് വളന്റിയേഴ്സും, പ്രോഗ്രാം ഓഫീസർമാരും ഈ പരിപാടിയിൽ പങ്കെടുത്തു.










# ലിംഗസമത്വം സെമിനാർ

വനിത ദിനത്തിനോടനുബന്ധിച്ച് ഒൻപതാം തിയ്യതി വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ "സുസ്ഥിരമായൊരു നാളെക്കുവേണ്ടി ഇന്ന് വേണം ലിംഗസമത്വം " എന്ന വിഷയത്തെകുറിച്ച് എൻ എസ് എസ് വളന്റിയേഴ്സിനായി സെമിനാർ സംഘടിപ്പിച്ചു. എസ് എൻ കോളേജിലെ റിട്ടയേർഡ് സുവോളജി അധ്യാപികയും ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ല കമ്മിറ്റി അംഗവുമായ വിമല ടീച്ചറാണ് ക്ലാസ്സ് നയിച്ചത്. വളരെ ഉപയോഗപ്രദമായ ക്ലാസായിരുന്നു.സമൂഹത്തിൽ പൊതുവായി കണ്ടുവരുന്ന സ്ത്രീപുരുഷ അസമത്വങ്ങളെപ്പറ്റിയും അവ എങ്ങനെയെല്ലാം നീക്കം ചെയ്യാം എന്നതിനെക്കുറിച്ചും ചർച്ച ചെയ്തു , വളന്റിയേഴ്സ് അവരവരുടെ കാഴ്ചപ്പാടുകളും പങ്കുവെച്ചു. ഒന്നര മണിക്കൂർ നീണ്ടു നിന്ന പരിപാടിയിൽ പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗീസും, ഡോ.വിമല കെ ജോണും പങ്കെടുത്തു.











# കരിയർ ഗൈഡൻസ്

വനിത ദിനത്തോടനുബന്ധിച്ച് വനിത ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിച്ചു. നമ്മുടെ ഭാവിജീവിത സ്വപ്നത്തെക്കുറിച്ചും, അത് നേടിയെടുക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കരിയർ കൺസൽട്ടന്റായ ഷമീർ സി.കെ സർ ക്ലാസ് നയിച്ചു.കൂടാതെ ഓരോ കോഴ്സുകളെപ്പറ്റിയും, അതിന്റെ വിവിധ സാധ്യതകളെക്കുറിച്ചും വിവരിച്ചു. പ്രോഗ്രാം ഓഫീസർമരായ പ്രൊഫ. രഞ്ജിത്ത് വർഗീസ്, ഡോ.വിമല കെ ജോൺ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. എല്ലാ എൻ എസ് എസ് വളന്റിയേഴ്സും ശ്രദ്ധയോടെ ഈ ക്ലാസിൽ പങ്കെടുത്തു.









# വന്യജീവി ഫോട്ടോഗ്രാഫി മത്സരം

ലോക വന്യജീവി ദിനത്തോടനുബന്ധിച്ച് നടത്തിയ ഫോട്ടോഗ്രഫി മത്സരത്തിൽ ബി എസ് സി ബോട്ടണിയിലെ തരുൺ എസ് നാഥ് ആകർഷകമായ ചിത്രം പകർത്തി വിജയിയായി തിരഞ്ഞെടുക്കപ്പെട്ടു.




# നെഹ്റു യുവ കേന്ദ്ര - കരിയർ ഗൈഡൻസ്

ഇക്കഴിഞ്ഞ പത്താം തീയ്യതി അയ്യന്തോൾ കോസ്റ്റ്ഫോർഡ് ഹാളിൽ വെച്ച് തൃശൂർ നെഹ്റു യുവ കേന്ദ്ര , വളന്റിയർമാർക്കായി കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു. ശ്രീമതി. രാജശ്രീ ഗോപൻ , ഡെപ്യൂട്ടി മേയർ തൃശൂർ ഉദ്ഘാടനം നിർവഹിച്ചു. രാവിലെ പത്തു മുതൽ വൈകീട്ട് നാലു വരെ നടന്ന പരിപാടിയിൽ വിവിധ കരിയർ ഓപ്ഷനുകളെ കുറിച്ച് ശ്രീ. രാജേഷ് തേക്കൂട്ടും (ട്രെയിനർ) ശ്രീ. എസ് സതീഷും (ഡയറക്ടർ റിലേഷൻഷിപ്പ് ഫൗണ്ടേഷൻ, തൃശൂർ) വിശദമായി സംസാരിച്ചു. കൂടാതെ ഫയർമാൻ ശ്രീ. പ്രജീഷ് കേ. എസ്. ഫയർ ആൻഡ് റെസ്ക്യൂ ഫർസ്റ്റ് ഏയ്ഡുകളെ കുറിച്ചും ക്ലാസ് എടുത്തു. ഇരുപത്തിയഞ്ചോളം വളന്റിയർമാർ പരിപാടിയിൽ പങ്കെടുത്തു.



Government of India, Ministry of Youth Affairs & Sports
NEHRU YUVA KENDRA, THRISSUR
CAREER GUIDANCE
At COSTFORD HALL, AYYANTHOLE on 10.03.2022

Date: 10/03/2022 Wednesday — Venue: Cost Ford Hall, Thrissur

**Programme**

| | |
|---|---|
| 9.30 am | : Registration |
| Prayer | |
| Welcome Address | : **Mrs. Nisha Unni**<br>National Youth Volunteer, NYK,Thrissur |
| Presidential Address | : **Mrs.Bincy C**<br>District Youth Officer, NYK,Thrissur |
| Inauguration | : **Mrs. Rajasree Gopan**<br>Deputy Mayot, Thrissur Corporation |
| Vote of Thanks | : **Ms. Sreekkutty Moothedath**<br>National Youth Volunteer, NYK,Thrissur |
| I Session- **Career Guidance** | : **Sri. Rajesh Thekkoot**<br>Trainer |
| II Session-<br>**Youth Employability in Digital Era** | : **Sir. S. Satheesh**<br>Director Relationship Foundation, Thrissur |
| III Session- **First Aid** | : **Sri. Prajeesh K.S.**<br>Fireman |

# പൊതിച്ചോർ വിതരണം - സ്വാദ്

മാർച്ച് പന്ത്രണ്ട് ശനിയാഴ്ച എൻ എസ് എസിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പൊതിച്ചോർ വിതരണമായ സ്വാദ് നടത്തി. തേക്കിൻകാട് മൈതാനത്തും ശക്തൻ സ്റ്റാൻഡിലുമുള്ള നിർധരരായ വൃദ്ധർക്ക് പൊതിച്ചോർ വിതരണം ചെയ്തു. പത്ത് വളന്റിയേഴ്സ് ചേർന്ന് മുപ്പതോളം പൊതിച്ചോർ ആണ് വിതരണം ചെയ്തത്.




# അഭയം

എൻ എസ് എസിന്റെ സ്വപ്ന പദ്ധതിയായ 'അഭയം ഭവന നിർമ്മാണ പദ്ധതി' പ്രോഗ്രാം ഓഫീസേഴ്സ് പ്രൊഫ.രഞ്ജിത്ത് വർഗീസിന്റെയും, ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ വാർപ്പ് കഴിഞ്ഞു നല്ല രീതിയിൽ പുരോഗമിക്കുന്നു.

# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. ഈ ആഴ്ചയിൽ വെള്ളിയാഴ്ച നാല് വളന്റിയേർസ് രാവിലെ പത്ത് മുതൽ ഉച്ചക്ക് ഒന്ന് വരെയും, ശനിയാഴ്ച ആറ് വളന്റിയേഴ്സ് രാവിലെ ഒമ്പത് മുതൽ വൈകീട്ട് നാല് വരെയും കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സന്തോഷപൂർവ്വം ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.










## ചോദ്യം ഉത്തരം

എൻ എസ് എസ് ചിഹ്നത്തിലെ ചക്രം ചലനത്തെ സൂചിപ്പിക്കുന്നു, ചലനം എന്തിനെയാണ് സൂചിപ്പിക്കുന്നത്?

ചലനം സാമൂഹിക മാറ്റത്തെ

## അക്ഷരാഗ്നി

അശ്വതി . ടി. എസ്

# മഴയും പ്രണയവും

മണ്ണിനെ ചുംബിക്കുന്ന മഴത്തുള്ളികളെ നോക്കി ഇരിക്കുകയായിരുന്നു അവൾ. കടലാസും തൂലികയുമെടുത്ത് തന്റെ ഭാവനകളെ വരവേൽക്കാനായിരിക്കുന്ന അവളെ ഇളം തെന്നൽ വന്ന് തലോടി. മഴക്ക് ഏത് വർണമേകണമെന്ന ആശങ്കയിലാണ് അവൾ. നിരാശയോ, സന്തോഷമോ, ദു:ഖമോ, പ്രതികാരമോ, അതോ പ്രണയമോ... അതെ പ്രണയം. ഭൂമിയും ആകാശവും തമ്മിലുള്ള പ്രണയമാണ് മഴ. ആ പ്രണയത്തെ വെറും വാക്കുകളിൽ തളച്ചിടാനാവില്ല. അത് പരന്നുകിടക്കുന്ന ആകാശംപ്പോലെയാണ്, കടലിനോളം ആഴവും. മഴയെ മനുഷ്യൻ വെറുമൊരു "മഴ"യായാണ് കാണുന്നത്. മഴയുടെ ശക്തിയനുസരിച് അതിന് വിവിധ പേരുകളും നൽകി. ഭൂമിയും ആകാശവും തമ്മിൽ പിണങ്ങിയിരിക്കുമ്പോൾ ഉള്ളതാണ് ചാറ്റൽ മഴ. ഇവർ പരസ്പരം ദേഷ്യപ്പെട്ട് ഇരിക്കുമ്പോൾ ഉള്ളതാണ് താണ്ഡവമാടുന്ന പെരുമഴ. എങ്കിലും ഇവരുടെ അനശ്വരപ്രണയത്തെ കൂടുതൽ ആകർഷകമാക്കാൻ പ്രകൃതി പലരൂപത്തിലും നിറഞ്ഞാടുന്നു. "മഴ" എന്ന ഒരുവാക്കിൽ തളച്ചിടപ്പെട്ട പ്രണയത്തെ തിരഞ്ഞവൾ യാത്ര തിരിച്ചു. തൂലികയും കടലാസും എടുത്ത് ഭാവനയുടെ ലോകത്തേക്ക്, എന്നെങ്കിലും മഴ എന്ന വാക്കിൽ ഒളിച്ചിരിക്കുന്ന ആ അനശ്വര പ്രണയത്തെ മുഴുവനായി തന്റെ കടലാസിൽ പകർത്താൻ കഴിയുമെന്ന വിശ്വാസത്തിൽ. പക്ഷെ, അവൾക്കറിയില്ല വെറുമൊരു കടലാസിൽ പകർത്താൻ കഴിയുന്ന ഒന്നല്ല 'മഴയും പ്രണയവും'.

~അശ്വതി. ടി. എസ്



# ചിന്താവിഷയം

ലോകം മാറ്റിമറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന
ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം.
- നെൽസൺ മണ്ടേല

@nss_stc_42_144